| 02-01-2025 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ, ബാബയുടെ പാർട്ട് കൃത്യമാണ്, ബാബ തന്റെ സമയത്താണ് വരുന്നത്, അൽപം പോലും വ്യത്യാസമുണ്ടാകുന്നില്ല, ബാബ വന്നതിന്റെ ഓർമ്മചിഹ്നമായ ശിവരാത്രി ആർഭാടത്തോടെ ആഘോഷിക്കൂ.**

**ചോദ്യം –** ഏത് കുട്ടികളുടെ വികർമ്മമാണ് പൂർണ്ണമായും വിനാശമാകാത്തത്?
ഉത്തരം – ആരുടെയാണോ യോഗം ശരിയാകാത്തത്, ബാബയെ ഓർമ്മിക്കാത്തത്, അവരുടെ വികർമ്മം വിനാശമാകില്ല. യോഗയുക്തമാകാത്തതിനാൽ പൂർണ്ണമായ സദ്ഗതി ഉണ്ടാകുന്നില്ല, പാപം അവശേഷിക്കുന്നു, പദവിയും കുറയുന്നു. യോഗമില്ലായെങ്കിൽ നാമരൂപത്തിൽ കുടുങ്ങിക്കൊണ്ടിരിക്കുന്നു, അവരുടെ കാര്യം തന്നെ ഓർമ്മവന്നുകൊണ്ടിരിക്കും, ഇങ്ങനെയുള്ളവർക്ക് ദേഹി അഭിമാനിയായിരിക്കാൻ സാധിക്കില്ല.

**ഗീതം –** ഇന്ന് ആരാണ് അതിരാവിലെ വന്നിരിക്കുന്നത്....

**ഓം ശാന്തി –** അതിരാവിലെ എന്നത് എത്രമണിയാണ്? ബാബ രാവിലെ എത്ര മണിക്കാണ് വരുന്നത്? (ചിലർ പറഞ്ഞു മൂന്നു മണിക്ക്, ചിലർ പറഞ്ഞു നാലു മണിക്ക്, ചിലർ പറഞ്ഞു സംഗമത്തിൽ, ചിലർ പറഞ്ഞു 12 മണിക്ക്) ബാബ കൃത്യം ചോദിക്കുകയാണ്. 12 മണിയെ നിങ്ങൾക്ക് രാവിലെ എന്ന് പറയാൻ സാധിക്കില്ലല്ലോ. 12 മണി കഴിഞ്ഞ് ഒരു സെക്കന്റായാൽ, അഥവാ ഒരു മിനിറ്റായാൽ എ.എം ആണ്. അതായത് രാവിലെ ആരംഭിച്ചു. ഇത് ശരിക്കും പ്രഭാതമാണ്. ഡ്രാമയിൽ ബാബയുടെ പാർട്ട് വളരെ കൃത്യമാണ്. സെക്കന്റ് പോലും വൈകുന്നില്ല, ഈ ഡ്രാമ അനാദിയായി ഉണ്ടാക്കപ്പെട്ടതാണ്. 12 മണി കഴിഞ്ഞ് ഒരു സെക്കന്റ് ആയില്ലെങ്കിൽ എ.എം എന്ന് പറയില്ല, ഇതാണെങ്കിൽ പരിധിയില്ലാത്ത കാര്യമാണ്. ബാബ പറയുന്നു ഞാൻ വരുന്നത് അതിരാവിലെയാണ്. വിദേശത്ത് എ.എം, പി.എം കൃത്യമായാണ് നടക്കുന്നത്. അവരുടെ ബുദ്ധി വളരെ നല്ലതാണ്. അവർ ഇത്രയും സതോപ്രധാനമായും മാറുന്നില്ല, അതുപോലെ തമോപ്രധാനവുമായും മാറുന്നില്ല. ഭാരതവാസികളാണ് 100 ശതമാനം സതോപ്രധാനവും വീണ്ടും 100 ശതമാനം തമോപ്രധാനവും ആയി മാറുന്നത്. ബാബ വളരെ കൃത്യമാണ്. പ്രഭാതം അർത്ഥം 12 മണി. 12 അടിച്ച് ഒരു മിനിറ്റ്. സെക്കന്റിന്റെ കണക്ക് വെക്കുന്നില്ല. സെക്കന്റ് കടന്നുപോകുന്നത് അറിയാൻ കഴിയില്ല. ഇപ്പോൾ ഈ കാര്യം നിങ്ങൾ കുട്ടികളാണ് മനസ്സിലാക്കിയിരിക്കുന്നത്. ലോകം ഘോര അന്ധകാരത്തിലാണ്. ബാബയെ എല്ലാ ഭക്തരും ദുഃഖത്തിൽ ഓർമ്മിക്കുന്നു – പതിതപാവനാ വരൂ. പക്ഷേ ബാബ ആരാണ്? എപ്പോഴാണ് വരുന്നത്? ഇതൊന്നും അറിയുന്നില്ല. മനുഷ്യരായിട്ടുപോലും കൃത്യമായിട്ടൊന്നും അറിയുന്നില്ല. കാരണം പതിതവും തമോപ്രധാനവുമാണ്. കാമവും എത്ര തമോപ്രധാനമാണ്. ഇപ്പോൾ പരിധിയില്ലാത്ത ബാബ വിജ്ഞാപനം പുറപ്പെടുവിക്കുകയാണ് – കുട്ടികളേ കാമത്തെ ജയിച്ച് ലോകജേതാവായി മാറൂ. അഥവാ ഇപ്പോൾ പവിത്രമായി മാറുന്നില്ലെങ്കിൽ വിനാശം നേരിടും. നിങ്ങൾ പവിത്രമായി മാറുന്നതിലൂടെ അവിനാശിയായ പദവി നേടും. നിങ്ങൾ രാജയോഗം പഠിച്ചുകൊണ്ടിരിക്കുകയല്ലേ. സ്ലോഗനിലും എഴുതുന്നുണ്ട് പവിത്രമാകൂ യോഗിയാകൂ. ശരിക്കും എഴുതേണ്ടത് രാജയോഗിയായി മാറൂ എന്നാണ്. യോഗി എന്നത് സാധാരണ ശബ്ദമാണ്. ബ്രഹ്മവുമായി യോഗം വെക്കുന്നവരും യോഗികളല്ലേ. കുട്ടി പിതാവിനോടും, സ്ത്രീ പുരുഷനോടും യോഗം വെക്കുന്നു. പക്ഷേ നിങ്ങളുടേത് രാജയോഗമാണ്. ബാബ രാജയോഗം പഠിപ്പിക്കുകയാണ്. അതുകൊണ്ട് രാജയോഗം എന്നെഴുതുന്നതാണ് ശരി. പവിത്രമായി മാറൂ രാജയോഗിയായി മാറൂ. ദിനം പ്രതി തിരുത്തലുകൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ബാബയും പറയുന്നു ഇന്ന് നിങ്ങൾക്ക് ആഴമേറിയ കാര്യം മനസ്സിലാക്കിത്തരികയാണ്. ഇപ്പോൾ ശിവജയന്തിയും വരാൻ പോവുകയാണ്. ശിവജയന്തി നിങ്ങൾക്ക് വളരെ നന്നായി ആഘോഷിക്കണം. ശിവജയന്തിയിൽ വളരെ നല്ല രീതിയിൽ സേവ ചെയ്യണം. ആരുടെയടുക്കൽ പ്രദർശിനിയുണ്ടോ, എല്ലാവരും അവരവരുടെ വീടുകളിൽ അഥവാ സെന്ററിൽ ശിവജയന്തി നല്ലരീതിയിൽ ആഘോഷിക്കൂ. ഒപ്പം എഴുതി വെയ്ക്കൂ– ഗീതാജ്ഞാനത്തിന്റെ ദാതാവായ ശിവബാബയിലൂടെ പരിധിയില്ലാത്ത സമ്പത്ത് നേടാനുള്ള വഴി ഇവിടെ വന്നു പഠിക്കൂ. വിളക്കുകളും ചന്ദനത്തിരികളുമെല്ലാം കത്തിക്കൂ. വീടു വീടാന്തരം ശിവജയന്തി ആഘോഷിക്കണം. നിങ്ങൾ ജ്ഞാനഗംഗകളല്ലേ. ഓരോരുത്തരുടെയടുക്കലും ഗീതാപാഠശാലയുണ്ടായിരിക്കണം. വീടു വീടുകളിൽ ഗീത പഠിക്കാറില്ലേ. പുരുഷന്മാരെക്കാളും മാതാക്കൾ ഭക്തിയിൽ തീവ്രമാണ്. നിത്യവും ഗീത പഠിക്കുന്ന കുടുംബങ്ങളുമുണ്ട്. അതിനാൽ വീട്ടിലും ചിത്രങ്ങൾ വെക്കണം. പിന്നീട് എഴുതൂ, വന്ന് പരിധിയില്ലാത്ത ബാബയിൽ നിന്ന് വീണ്ടും സമ്പത്ത് നേടൂ.
ഈ ശിവജയന്തിയാകുന്ന ഉത്സവം വാസ്തവത്തിൽ നിങ്ങളുടെ സത്യമായ ദീപാവലിയാണ്. എപ്പോഴാണോ

ശിവബാബ വരുന്നത് അപ്പോൾ വീടു വീടുകളിൽ വെളിച്ചമുണ്ടാകുന്നു. ഈ ഉത്സവത്തിൽ വിശേഷിച്ചും വിളക്കുകളെല്ലാം കത്തിച്ച് ആഘോഷിക്കൂ. നിങ്ങൾ സത്യമായ ദീപാവലി ആഘോഷിക്കുന്നു. ദീപാവലി യുടെ ഫൈനൽ സത്യയുഗത്തിൽ നടക്കും. സത്യയുഗത്തിൽ വീടുവീടുകളിൽ പ്രകാശം മാത്രമായിരിക്കും. അതായത് ഓരോ ആത്മാവിന്റേയും ജ്യോതി തെളിഞ്ഞിരിക്കും. ഇവിടെ ഇരുട്ടാണ്. ആത്മാക്കൾ ആസുരീയ ബുദ്ധിയുള്ളവരായി മാറിയിരിക്കുന്നു. സത്യയുഗത്തിൽ ആത്മാക്കൾ പവിത്രമായതിനാൽ ദൈവീകബുദ്ധിയുണ്ടായിരിക്കും. ആത്മാവാണ് പതിതവും, ആത്മാവാണ് പാവനമായി മാറുന്നതും. ഇപ്പോൾ നിങ്ങൾ കാൽക്കാശിനു വിലയില്ലാതിരുന്ന അവസ്ഥയിൽ നിന്നും മൂല്യമുള്ളവരായി മാറിക്കൊണ്ടിരി ക്കുകയാണ്. ആത്മാവ് പവിത്രമായി മാറുന്നതിലൂടെ ശരീരം പവിത്രമായത് ലഭിക്കും. ഇവിടെ ആത്മാവ് അപവിത്രമാണ്, ശരീരവും ലോകവും അപവിത്രമാണ്. ഈ കാര്യങ്ങൾ നിങ്ങളിലും കുറച്ചുപേരാണ് യഥാർത്ഥരീതിയിൽ മനസ്സിലാക്കുന്നത്. അവരുടെയുള്ളിൽ സന്തോഷമുണ്ടായിരിക്കും. നമ്പർക്രമമാണ് പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുന്നത്. ഗ്രഹപ്പിഴയും ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. ചിലപ്പോൾ രാഹുവിന്റെ ഗ്രഹപ്പിഴ ഉണ്ടാകുമ്പോൾ ആശ്ചര്യപ്പെടുത്തിക്കൊണ്ട് ഓടിപ്പോകുന്നു. ബൃഹസ്പതി ദശയിൽ നിന്നു രാഹുവിന്റെ ദശയിലേക്കു മാറുന്നു. കാമവികാരത്തിലേക്ക് വീണാൽ രാഹുവിന്റെ ദശയാകും. മല്ലയുദ്ധമല്ലേ നടക്കുന്നത്. നിങ്ങൾ മാതാക്കൾ (മല്ലയുദ്ധം) കണ്ടിട്ടേയുണ്ടാകില്ല. കാരണം മാതാക്കൾ വീട്ടമ്മമാരാണ്. നിങ്ങൾക്കറിയാം ഭ്രമരിയെയും വീട്ടമ്മയെന്നു പറയും. വീട് ഉണ്ടാക്കുന്നത് നല്ലൊരു ജോലിയാണ്, അതിനാൽ വീട്ടമ്മയെന്നു പറയുന്നു. ഭ്രമരി എത്ര പരിശ്രമിക്കുന്നു, നല്ലൊരു മേസ്ത്രിയാ ണ്. രണ്ടോ മൂന്നോ മുറികൾ ഉണ്ടാക്കും. മൂന്നോ നാലോ കീടങ്ങളെയും കൊണ്ടുവരും. അതേപോലെയാണ് നിങ്ങൾ ബ്രാഹ്മണിമാരും. വേണമെങ്കിൽ ഒന്നോ രണ്ടോ പേരേ തയ്യാറാക്കൂ, വേണമെങ്കിൽ പത്തോ പന്ത്രണ്ടോ പേരേ തയ്യാറാക്കൂ, വേണമെങ്കിൽ 100 പേരേ തയ്യാറാക്കൂ, വേണമെങ്കിൽ 500 പേരേയും തയ്യാ റാക്കൂ. മണ്ഡപമെല്ലാം ഉണ്ടാക്കാറില്ലേ, ഇതും വീടുണ്ടാക്കൽ തന്നെയല്ലേ. അവിടെയിരുന്ന് എല്ലാവർക്കും (ജ്ഞാനം) ഊതിക്കൊടുക്കുകയാണ്. ചിലർ കാര്യം മനസ്സിലാക്കി കീടത്തിൽ നിന്നും ബ്രാഹ്മണനായി മാറും, ചിലർ കേടുവന്നുതന്നെ പുറത്ത് വരും. അതായത് ഈ ധർമ്മത്തിലേതല്ല. ഈ ധർമ്മത്തിലു ള്ളവർക്കേ പൂർണ്ണമായും മനസ്സിലാകൂ. നിങ്ങളാണെങ്കിൽ മനുഷ്യരാണല്ലോ. നിങ്ങൾക്ക് ശക്തി ഈ വണ്ടിനേക്കാളും കൂടുതലുണ്ട്. നിങ്ങൾക്ക് രണ്ടായിരം പേരുടെ മധ്യത്തിലൊക്കെ പ്രഭാഷണം ചെയ്യാൻ സാധിക്കും. മുന്നോട്ട് പോകുന്തോറും നാലായിരം അയ്യായിരത്തിന്റെ സഭയിലേക്കെല്ലാം നിങ്ങൾ പോകും. ഇന്ന് സന്യാസിമാർ വിദേശത്ത് പോയി പറയുന്നു ഞങ്ങൾ ഭാരതത്തിന്റെ പ്രാചീനരാജയോഗം പഠിപ്പിക്കുകയാണ്. ഇന്ന് മാതാക്കൾ പോലും കാഷായവസ്ത്രം ധരിച്ച് പോകുന്നു, വിദേശീയരെ കബളി പ്പിക്കുന്നു. അവരോട് പറയുന്നു ഭാരതത്തിന്റെ പ്രാചീനരാജയോഗം ഭാരതത്തിൽ പോയി പഠിക്കൂ. ഭാരതത്തിൽ വന്ന് പഠിക്കൂ എന്ന് നിങ്ങൾ പറയില്ല. നിങ്ങൾ വിദേശങ്ങളിൽ പോയി അവിടെ വെച്ച് തന്നെ മനസ്സിലാക്കിക്കൊടുക്കുന്നു - ഈ രാജയോഗം പഠിക്കൂ എങ്കിൽ നിങ്ങളുടെ ജന്മം സ്വർഗ്ഗത്തിലുണ്ടാകും. ഇതിന് വസ്ത്രം മാറേണ്ട ആവശ്യമൊന്നുമില്ല. ഇവിടെ ദേഹം, ദേഹത്തിന്റെ എല്ലാ സംബന്ധങ്ങളേയും മറന്ന് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കുന്നു. ബാബയാണ് മുക്തി ദാതാവ്. വഴികാട്ടിയാണ്, എല്ലാവരേയും ദുഃഖത്തിൽനിന്ന് മോചിപ്പിക്കുന്നു.

ഇപ്പോൾ നിങ്ങൾക്ക് സതോപ്രധാനമായി മാറണം. നിങ്ങളാദ്യം സ്വർണ്ണിമയുഗത്തിലായിരുന്നു, ഇപ്പോൾ ഇരുമ്പുയുഗത്തിലാണ്. മുഴുവൻ ലോകവും, എല്ലാ ധർമ്മത്തിലുള്ളവരും ഇരുമ്പുയുഗത്തിലാണ്. ഏത് ധർമ്മത്തിലുള്ളവരെ ലഭിച്ചാലും, അവരോട് പറയണം ബാബ പറയുന്നു സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി എന്നെ ഓർമ്മിക്കൂ എങ്കിൽ നിങ്ങൾ പാവനമായി മാറും പിന്നീട് നിങ്ങളെ കൂടെ കൊണ്ടുപോകും, മതി, ഇത്രയെങ്കിലും പറയൂ, കൂടുതൽ വേണ്ട. നിങ്ങളുടെ ശാസ്ത്രങ്ങളിലുമുണ്ട് വീടു വീടുകളിൽ സന്ദേശം കൊടുക്കൂ. ആരെങ്കിലും ഒരാളെങ്കിലും അവശേഷിച്ചാൽ അവർ പരാതി പറയും എന്നോടാരും പറഞ്ഞില്ല. ബാബ വന്നിരിക്കുകയാണ്, ഇത് പെരുമ്പറ മുഴക്കി അറിയിക്കണം. എല്ലാവരും ഒരു ദിവസം അറിയും ബാബ വന്നുകഴിഞ്ഞു - ശാന്തിധാമത്തിന്റേയും സുഖധാമത്തിന്റേയും സമ്പത്ത് നൽകാൻ. എപ്പോഴാണോ ദേവതാധർമ്മമുണ്ടായിരുന്നത് മറ്റൊരു ധർമ്മവും ഉണ്ടായിരുന്നില്ല. എല്ലാവരും ശാന്തിധാമത്തിലായിരുന്നു. ഇങ്ങനെയുള്ള ചിന്തകളുണ്ടായിരിക്കണം. സ്ലോഗൻസ് ഉണ്ടാക്കണം. ബാബ പറയുന്നു ദേഹസഹിതം എല്ലാ സംബന്ധങ്ങളേയും ഉപേക്ഷിക്കൂ. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി പിതാവായ എന്നെ ഓർമ്മിക്കൂ എങ്കിൽ ആത്മാവ് പവിത്രമായി മാറും. ഇപ്പോൾ ആത്മാക്കൾ അപവിത്രമാണ്. ഇപ്പോൾ എല്ലാവരേയും പവിത്രമാക്കി മാറ്റി ബാബ വഴികാട്ടിയായി മാറി കൂടെ കൊണ്ടുപോവുകയാണ്. എല്ലാവരും അവരവരുടെ സെക്ഷനുകളിലേക്ക് പോകും. പിന്നീട് ദേവതാധർമ്മത്തിലുള്ളവർ യഥാക്രമം വരും. എത്ര സഹജമാണ്. ഇത് ബുദ്ധിയിൽ ധാരണ ചെയ്യണം. ആര് സേവനം ചെയ്യുന്നുണ്ടോ അവർക്ക് മറഞ്ഞിരിക്കാൻ സാധിക്കില്ല. ഡീസർവ്വീസ് ചെയ്യുന്നവർക്കും ഒളിഞ്ഞിരിക്കാൻ സാധിക്കില്ല. സേവനത്തിന്

യോഗ്യതയുള്ളവരെയാണ് വിളിക്കുക. ആർക്ക് ഒരു ജ്ഞാനവും കേൾപ്പിക്കാൻ സാധിക്കുന്നില്ലയോ അവരെ വിളിക്കാറില്ല. അവർ പേര് ചീത്തയാക്കും. അവർ പറയും എന്താ ബി.കെ.കൾ ഇങ്ങിനെയാണോ. നന്നായി പെരുമാറുന്നില്ല. അപ്പോൾ പേര് ചീത്തയായില്ലേ. ശിവബാബയുടെ പേര് ചീത്തയാക്കുന്നവർക്ക് ഉയർന്ന പദവി നേടാൻ സാധിക്കില്ല. ഇവിടെ ചിലർ കോടിപതികളുണ്ട് കോടാനുകോടിപതികളുമുണ്ട്, ചിലർ നോക്കൂ വിശന്ന് മരിച്ചുകൊണ്ടുമിരിക്കന്നു. അങ്ങിനെയുള്ള യാചകരും വന്ന് രാജകുമാരനായി മാറും. ഇപ്പോൾ നിങ്ങൾ കുട്ടികൾ മനസ്സിലാക്കി ശ്രീകൃഷ്ണൻ സ്വർഗ്ഗത്തിന്റെ രാജകുമാരനായിരുന്നു. വീണ്ടും അതേ ശ്രീകൃഷ്ണനാണ് രാജകുമാരനായി മാറുന്നത്, വീണ്ടും യാചകനിൽനിന്നും രാജകുമാരനായി മാറും. ഈ ബ്രഹ്മാബാബയും ബെഗർ ആയിരുന്നല്ലോ, അൽപ്പ-സ്വൽപ്പം സമ്പാദിച്ചിരുന്നതും നിങ്ങൾ കുട്ടികൾക്കുവേണ്ടി. അല്ലെങ്കിൽ നിങ്ങളെ എങ്ങനെ സംരക്ഷിക്കും? ഈ കാര്യങ്ങളൊന്നും ശാസ്ത്രങ്ങളിലില്ല. ശിവബാബയാണ് വന്ന് പറഞ്ഞുതരുന്നത്. ഇദ്ദേഹം ഗ്രാമത്തിലെ ബാലകനായിരുന്നു. പേര് ശ്രീകൃഷ്ണനായിരുന്നില്ല. ഇത് ആത്മാവിന്റെ കാര്യമാണ് അതുകൊണ്ട് മനുഷ്യർ വളരെ ആശയക്കുഴപ്പത്തിലാണ്. ബാബ മനസ്സിലാക്കിത്തരികയാണ് ശിവജയന്തിയിൽ ഓരോരോ വീടുകളിലും ചിത്രങ്ങളിലൂടെ സേവ ചെയ്യണം. എഴുതണം, പരിധിയില്ലാത്ത ബാബയിൽനിന്നും 21 ജന്മത്തിലേക്കുവേണ്ടി സ്വർഗ്ഗത്തിന്റെ ചക്രവർത്തി പദവി സെക്കന്റിൽ എങ്ങനെയാണ് ലഭിക്കുന്നത്, അത് വന്ന് മനസ്സിലാക്കൂ. എങ്ങനെയാണോ ദീപാവലിയിൽ  മനുഷ്യർ വളരെ കച്ചവടസ്ഥാപനങ്ങൾ തുറക്കുന്നത്, നിങ്ങളും ഈ അവിനാശി ജ്ഞാനരത്നങ്ങളുടെ കടകൾ തുറക്കണം. നിങ്ങളുടേത് എത്ര നല്ല അലങ്കരിച്ച കടകളായിരിക്കണം. മനുഷ്യർ ദീപാവലിയിൽ കടകൾ തുറക്കുന്നു, നിങ്ങൾ ശിവജയന്തിയിൽ തുറക്കൂ. ശിവബാബ എല്ലാവരുടേയും ദീപത്തെ തെളിയിക്കുകയാണ്, നിങ്ങളെ വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുകയാണ്. അവർ ലക്ഷ്മിയിൽനിന്നും വിനാശി ധനം യാചിക്കുന്നു. ഇവിടെ ജഗദംബയിൽനിന്ന് നിങ്ങൾക്ക് വിശ്വത്തിന്റെ ചക്രവർത്തി പദവി ലഭിക്കുന്നു. ഈ രഹസ്യം ബാബയാണ് മനസ്സിലാക്കിത്തരുന്നത്. ബാബ ഒരിക്കലും ശാസ്ത്രങ്ങളെയൊന്നും ആശ്രയിക്കുന്നില്ല. ബാബ പറയുന്നു ഞാൻ ജ്ഞാനത്തിന്റെ സാഗരനാണ്, ഇതും അറിയുന്നുണ്ട് ഏതെല്ലാം കുട്ടികൾ വളരെ നല്ല സേവനം ചെയ്യുന്നുണ്ടോ അതുകൊണ്ട് അവരുടെ ഓർമ്മ വരുന്നു. ഓരോരുത്തരുടേയും ഉള്ളിലുള്ളത് അറിയുന്നു എന്നല്ല. ചില സമയത്ത് അറിയാൻ കഴിയും ഇവർ പതിതമാണ്, സംശയം തോന്നും. മുഖം തന്നെ മങ്ങിയിരിക്കും ബാബയും മുകളിൽനിന്ന് അന്വേഷണത്തിന് അയക്കും, ഇവരോട് ചോദിക്കൂ. ഇതും ഡ്രാമയിൽ അടങ്ങിയതല്ലേ. ചിലരെക്കുറിച്ച് അന്വേഷിക്കും, എല്ലാവരെയും അന്വേഷിക്കാൻ കഴിയില്ല. ധാരാളം പേരുണ്ട്, മുഖം കറുപ്പിക്കുന്നവർ. ആര് ചെയ്യുന്നുവോ അവർ തനിക്കുതന്നെ നഷ്ടമുണ്ടാക്കുന്നു. സത്യം പറയുന്നതിലൂടെ അൽപമെങ്കിലും ലാഭം ഉണ്ടാകും, പറയാതിരിക്കുന്നതിലൂടെ കൂടുതൽ നഷ്ടമുണ്ടാകും. മനസ്സിലാക്കണം ബാബ നമ്മളെ സുന്ദരന്മാരാക്കി മാറ്റുന്നതിനുവേണ്ടി വന്നിരിക്കുകയാണ്. നമ്മൾ വീണ്ടും മുഖം കറുപ്പിക്കുന്നു! ഇതാണ് മുള്ളുകളുടെ ലോകം. മനുഷ്യമുള്ളുകൾ. സത്യയുഗത്തെയാണ് പറയുന്നത് അല്ലാഹുവിന്റെ പൂന്തോട്ടം. ഇത് കാടാണ്. ബാബ പറയുന്നു എപ്പോൾ ധർമ്മഗ്ലാനി സംഭവിക്കുന്നു, അപ്പോൾ ഞാൻ വരുന്നു. ആദ്യനമ്പറായ ശ്രീകൃഷ്ണനെ നോക്കൂ 84 ജന്മങ്ങളെടുത്തതിനുശേഷം എങ്ങനെയായി മാറി. ഇപ്പോൾ എല്ലാവരും തമോപ്രധാനമാണ്. പരസ്പരം കലഹിക്കുന്നു. ഇതെല്ലാം ഡ്രാമയിലുള്ളതാണ്. പിന്നീട് സ്വർഗ്ഗത്തിൽ ഇതൊന്നുമുണ്ടാകില്ല. ധാരാളം പോയിന്റുകളുണ്ട്, കുറിച്ചുവെക്കണം. എങ്ങനെയാണോ വക്കീൽമാർക്ക് പോയിന്റുകൾ എഴുതിവക്കുന്ന പുസ്തകമുള്ളത് ഡോക്ടേഴ്സും പുസ്തകം വെക്കാറുണ്ട്, അത് നോക്കിയിട്ടാണ് മരുന്നു കൊടുക്കാറുള്ളത്. കുട്ടികൾക്ക് എത്ര നല്ലരീതിയിൽ പഠിക്കണം, സേവ ചെയ്യണം. ബാബ നമ്പർ വൺ മന്ത്രം നൽകിയിരിക്കുകയാണ് മൻമനാഭവ. ബാബയേയും സമ്പത്തിനേയും ഓർമ്മിക്കൂ എങ്കിൽ സ്വർഗ്ഗത്തിന്റെ അധികാരിയായി മാറും. ശിവജയന്തി ആഘോഷിക്കുന്നു. പക്ഷേ ശിവബാബ എന്താണ് ചെയ്തത്? തീർച്ചയായും സ്വർഗ്ഗത്തിന്റെ സമ്പത്ത് തന്നിട്ടുണ്ടാകും. സ്വർഗ്ഗത്തിൽനിന്നും നരകവും, നരകത്തിൽനിന്ന് സ്വർഗ്ഗവും ഉണ്ടാകുന്നു.

ബാബ മനസ്സിലാക്കിത്തരികയാണ് - കുട്ടികളേ, യോഗയുക്തരായി മാറൂ എങ്കിൽ നിങ്ങൾക്ക് ഓരോ കാര്യവും നല്ലരീതിയിൽ മനസ്സിലാക്കാൻ കഴിയും. പക്ഷേ യോഗം ശരിയല്ല, ബാബയുടെ ഓർമ്മ ഇല്ലായെങ്കിൽ ഒന്നും മനസ്സിലാക്കാൻ സാധിക്കില്ല. വികർമ്മവും വിനാശമാകില്ല. യോഗയുക്തമാകാത്ത തിലൂടെ സദ്ഗതിയും ഉണ്ടാകില്ല. പാപങ്ങൾ അവശേഷിക്കും പിന്നീട് പദവിയും കുറയും. വളരെയധികം പേരുണ്ട്, യോഗമൊന്നുമില്ല, നാമരൂപത്തിൽ കുരുങ്ങുന്നു, അവരുടെ മാത്രം ഓർമ്മയിൽ ഇരിക്കുകയാണെങ്കിൽ വികർമ്മം എങ്ങനെ വിനാശമാകും? ബാബ പറയുന്നു ദേഹീ അഭിമാനിയായി മാറൂ. ശരി,

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചുകിട്ടിയ മധുരമധുരമായ സന്താനങ്ങൾക്ക് മാതാപിതാവായ ബാപ്ദാദയുടെ സ്നേഹസ്മരണയും നമസ്കാരവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യമായ സാരം -

1) ശിവജയന്തിയിൽ അവിനാശിജ്ഞാനരത്നങ്ങളുടെ കട തുറന്ന് സേവനം ചെയ്യണം. വീടു വീടുകളിൽ വെളിച്ചം വിതറി എല്ലാവർക്കും ബാബയുടെ പരിചയം കൊടുക്കണം.

2) സത്യമായ ബാബയോട് സത്യമായിരിക്കണം, ഒരു വികർമ്മവും ചെയ്ത് ഒളിപ്പിച്ചുവെക്കരുത്. ഇങ്ങനെ യോഗയുക്തരായി മാറണം, ഒരു പാപവും അവശേഷിക്കരുത്. ആരുടേയും നാമരൂപത്തിൽ കുരുങ്ങരുത്.

## വരദാനം:- ഞാൻ എന്ന ഭാവത്തെ ത്യാഗം ചെയ്യുന്ന ബ്രഹ്മാബാബക്ക് സമാനം ശ്രേഷ്ഠത്യാഗിയായി ഭവിക്കട്ടെ.

സംബന്ധങ്ങളുടെ ത്യാഗം, വൈഭവങ്ങളുടെ ത്യാഗം ഇവയൊന്നും വലിയ കാര്യമല്ല, എന്നാൽ ഓരോ കാര്യത്തിലും സങ്കൽപ്പത്തിൽ പോലും മറ്റുള്ളവരെ മുന്നിൽ വെക്കുന്നതിന്റെ ഭാവന വെക്കുക അർത്ഥം ഞാൻ എന്ന ഭാവത്തെ ത്യജിക്കുക, ആദ്യം താങ്കൾ.......ഇതാണ് ശ്രേഷ്ഠത്യാഗം. ഇതിനെത്തന്നെയാണ് പറയുക ഞാൻ എന്ന ഭാവത്തെ ത്യജിക്കുക. ബ്രഹ്മാബാബ എപ്പോഴും കുട്ടികളെ മുന്നിൽ വെച്ചു, ''ഞാൻ മുന്നിലിരിക്കും'' ഇതിലും സദാ ത്യാഗിയായിരുന്നു. ഈ ത്യാഗം കാരണം ഏറ്റവും മുന്നിൽ അതായത് നമ്പർ വണ്ണിൽ പോകുന്നതിന്റെ ഫലം ലഭിച്ചു. അതിനാൽ ഫോളോ ഫാദർ.

## സ്ലോഗൻ:- പെട്ടെന്ന് ആരുടെയെങ്കിലും കുറ്റം കണ്ടെത്തുക- ഇതും ദു:ഖം കൊടുക്കലാണ്.

**തന്റെ ശക്തിശാലി മനസ്സിലൂടെ സകാശ് കൊടുക്കുന്നതിന്റെ സേവനം ചെയ്യൂ.**

ഉയരമുള്ള സ്തംഭത്തിന് മുകളിൽ നിന്ന് സകാശ് കൊടുക്കുക, ലൈറ്റും മൈറ്റും കൊടുക്കുക എന്നത് പോലെ താങ്കൾ കുട്ടികളും തങ്ങളുടെ ഉയർന്ന സ്ഥിതി അഥവാ ഉയർന്ന സ്ഥാനത്തിരുന്ന് ചുരുങ്ങിയത് നാല് മണിക്കൂർ വിശ്വത്തിന് ലൈറ്റും മൈറ്റും കൊടുക്കൂ. സൂര്യനും വിശ്വത്തിന് പ്രകാശം കൊടുക്കാൻ സാധിക്കുന്നത് ഉയരത്തിൽ സ്ഥിതി ചെയ്യുന്നത് കൊണ്ടാണ്. അതിനാൽ സാകാരസൃഷ്ടിക്ക് സകാശ് കൊടുക്കുന്നതിന് വേണ്ടി ഉയർന്ന സ്ഥാന നിവാസിയാകൂ.